**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ തൊഴിലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര തൊഴിലുകൾ സൃഷ്ടിക്കാനായിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സഹകരണ മേഖലയിൽ സഹകരണ വകുപ്പ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേന 1184 സ്ഥിരം തൊഴിൽ നൽകുന്നതിനും, കേരള ബാങ്ക് മുഖേന വായ്പാ പദ്ധതികൾ മുഖാന്തിരം 38645 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അപെക്സ് ഫെഡറേഷനുകൾ വഴി 41 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വായ്പ പദ്ധതികൾ മുഖാന്തിരം 16409 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. ഇപ്രകാരം ആകെ 1184 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും 55095 തൊഴി ലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ നിയമന ചട്ടം അംഗീകരിച്ചതിലൂടെ കേരള ബാങ്കിൽ ഒഴിവു വന്ന ആയിരത്തോളം തസ്തികകിലേക്കുള്ള സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഒന്നാം നൂറുദിന കർമ്മപരിപാടിയുടെയും രണ്ടാം നൂറുദിന കർമ്മപരിപാടിയുടെയും ഭാഗമായി പ്രഖ്യാപിക്കപ്പെട്ട തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഒന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 100 സ്ഥിരം തൊഴിലുകളും, 4900 തൊഴിലവസരങ്ങളും, രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 500 സ്ഥിരം തൊഴിലുകളും, 19500 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 600 സ്ഥിരം തൊഴിലുകളും 24400 തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു.<br><br>ഈ പദ്ധതികളിലൂടെ 1184 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും, 55095 തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | കാർഷിക ഉത്പാദന മേഖലയിൽ തൊഴിലുകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ? | (സി) | സർക്കാറിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട 500 ഏക്കർ പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് കാർഷിക ഉത്പാദന മേഖലയിൽ 14 |

| | | | |
|---|---|---|---|
| | | | ജില്ലകളിലുമായി 5312 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ